# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 92 — 03.12.2015-ൽ മറുപടിയ്ക്ക്

## സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.ഹംസ<br>ശ്രീ.എളമരം കരീം<br>ശ്രീ.ജെയിംസ് മാത്യു<br>ശ്രീമതി.കെ.കെ.ലതിക | | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; അത്തരം എത്ര സ്കൂളുകൾക്കാണ് എയ്ഡഡ് പദവി നൽകുന്നത്; | (എ) | സംസ്ഥാനത്ത് എയ്ഡഡ് മേഖലയിൽ അന്ധ, ബധിര വിദ്യാലയങ്ങൾ നിലവിലുണ്ട്. കൂടാതെ ബഡ്സ് സ്കൂളുകൾ ഉൾപ്പെടെ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന 100 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് കൂടി വ്യവസ്ഥകൾക്ക് വിധേയമായി എയ്ഡഡ് പദവി നൽകുന്നതിന് തത്വത്തിൽ അനുമതി നൽകി സ.ഉ.(പി) 69/14/പൊ.വി.വ. തീയതി.28.04.2014 പ്രകാരം ഉത്തരവായിരുന്നു. കൂടാതെ, ബഡ്സ് സ്കൂളുകൾ ഉൾപ്പെടെ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന 50 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് കൂടി എയ്ഡഡ് പദവി നൽകുന്നതിന് തത്വത്തിൽ അനുമതി നൽകിയും ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിച്ചുകൊണ്ട് വിശദമായ പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയും സ.ഉ.(എം.എസ്)116/2015/ പൊ.വി.വ. തീയതി.15.05.2015 പ്രകാരം ഉത്തരവായിട്ടുണ്ട്. സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കുന്ന എയ്ഡഡ് പദവി നൽകേണ്ട ഇത്തരം സ്കൂളുകളുടെ അന്തിമ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ആയതിനാൽ മേൽ മാനദണ്ഡങ്ങൾ അനുസരിച്ച് മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന ഒരു സ്പെഷ്യൽ സ്കൂളിനും ഇതുവരെ എയ്ഡഡ് പദവി നൽകിയിട്ടില്ല. |
| (ബി) | ഇതിനായി സ്കൂളുകളെ തെരെഞ്ഞടുക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ; | (ബി) | സംസ്ഥാനത്തെ അന്ധ, ബധിര സ്പെഷ്യൽ സ്കൂളുകളെ സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 03.11.1969-ലെ സ.ഉ(പി)412/69/വി.വ ഉത്തരവിൽ നിലവിലുണ്ട്. കൂടാതെ സ.ഉ.(എം.എസ്)115/2015/ പൊ.വി.വ. തീയതി.15.05.2015, സ.ഉ.(എം.എസ്)229/2015/ പൊ.വി.വ. തീയതി.25.08.2015, എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരമാണ് 100 വിദ്യാർത്ഥികളിൽ കൂടുതലുള്ള മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള സ്പെഷ്യൽ സ്കൂളുകളെ എയ്ഡഡ് പദവി ലഭിക്കുന്നതിന് തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചിരിക്കുന്നത്. (പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്) |
| (സി) | ഇതു സംബന്ധിച്ച പഠനത്തിന് ഏതെങ്കിലും സമിതിയെ ചുമതലപ്പെടുത്തിയിട്ടു | (സി) | മാനസികമായ വെല്ലുവിളികൾ നേരിടുന്ന 100 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകളെ എയ്ഡഡ് പദവിയിലേക്ക് ഉയർത്തുന്നത് സംബന്ധിച്ച പരാമർശിത വിഷയങ്ങൾ തീരുമാനിക്കുകയും അവ വിശദമായി |

| | | | |
|---|---|---|---|
| | ണ്ടോ; എങ്കിൽ പഠനറിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | | പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനുമായി പൊതുവിദ്യാഭ്യാസ ഡയറക്ടർ കൺവീനറും സാമൂഹ്യ നീതി വകുപ്പ് ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ് (എസ്.ഐ.എം.സി) പ്രിൻസിപ്പാൾ അംഗങ്ങളുമായ മൂന്നംഗ കമ്മിറ്റി രൂപീകരിച്ച് സ.ഉ.(പി)259/14/പൊ.വി.വ. തീയതി.02.12.2014 പ്രകാരം ഉത്തരവായി. പ്രസ്തുത കമ്മിറ്റി പരാമർശിത വിഷയങ്ങൾ സംബന്ധിച്ച് ബന്ധപ്പെട്ടവരുമായി ചർച്ച നടത്തുകയും ആയതു പ്രകാരം ശുപാർശകൾ തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചു. പ്രസ്തുത കമ്മിറ്റി സമർപ്പിച്ച ശുപാർശകൾ വിശദമായി പരിശോധിച്ച് ആവശ്യമായ ഭേദഗതി നിർദ്ദേശങ്ങളോടെ 06.05.15-ലെ മന്ത്രിസഭാ യോഗ തീരുമാന പ്രകാരം മാനസികമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ അംഗീകരിച്ച് സ.ഉ.(എം.എസ്)115/2015/പൊ.വി.വ. തീയതി.15.05.2015, പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. |
| (ഡി) | സ്പെഷ്യൽ സ്കൂളുകളിലെ അദ്ധ്യാപക നിയമനം പി.എസ്.സി.ക്കു വിടാൻ തീരുമാനിച്ചിരുന്നോ; പിന്നീട് പ്രസ്തുത തീരുമാനം മാറ്റുകയുണ്ടായോ; നിയമനരീതി സംബന്ധിച്ച തീരുമാനം എന്തെന്ന് വിശദമാക്കുമോ; | (ഡി) | അന്ധ, ബധിര വിദ്യാർത്ഥികളെ പഠിപ്പിക്കുന്ന എയ്ഡഡ് മേഖലയിലെ സ്പെഷ്യൽ സ്കൂളുകളിലെ നിയമനം പി.എസ്.സി. മുഖേനയല്ല നടക്കുന്നത്. 15.05.15-ലെ സ.ഉ.(എം.എസ്)115/2015/ പൊ.വി.വ. ഉത്തരവിലെ ഖണ്ഡിക 111-ലെ വ്യവസ്ഥ പ്രകാരം മാനസിക വൈകല്യമുള്ള കുട്ടികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളിലെ അദ്ധ്യാപക നിയമനം പി.എസ്.സി. മുഖേനയായിരിക്കണമെന്ന് തീരുമാനിച്ചിരുന്നു. മേൽ വ്യവസ്ഥ പിന്നീട് ഭേദഗതി ചെയ്തുകൊണ്ട് താഴെപ്പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്ന സെലക്ഷൻ കമ്മിറ്റി മുഖേന എന്നാക്കി 25.08.15-ലെ സ.ഉ.(എം.എസ്)229/15/പൊ.വി.വ പ്രകാരം ഉത്തരവായിട്ടുണ്ട്.<br>1. രക്ഷാകർത്തൃ പ്രതിനിധികൾ<br>2. പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നുള്ള സർക്കാർ നോമിനി.<br>3. സാമൂഹ്യ നീതി ഡയറക്ടറേറ്റിൽ നിന്നുള്ള സർക്കാർ നോമിനി.<br>4. സ്ഥാപനത്തിലെ പ്രധാനാധ്യാപകൻ<br>5. സ്കൂൾ മാനേജർ<br>6. സബ്ജക്ട് എക്സ്പേർട്ട് ഇൻ ഡിസബിലിറ്റീസ് |
| (ഇ) | സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകിയതിലൂടെ എത്ര പുതിയ തസ്തികകൾ സൃഷ്ടിക്കപ്പെടുമെന്നും ഇതിന് എത്ര തുക അധിക ചെലവ് വരുമെന്നും കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ? | (ഇ) | മാനസിക വൈകല്യമുള്ള കുട്ടികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നതിനുള്ള മാനദണ്ഡങ്ങളാണ് ഇപ്പോൾ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത്. ആയത് പാലിക്കുന്ന സ്പെഷ്യൽ സ്കൂളുകളുടെ അന്തിമ ലിസ്റ്റ് പൂർത്തീകരിച്ച് ലഭ്യമാകാത്തതിനാൽ അധിക തസ്തികകൾ സംബന്ധിച്ചോ സർക്കാരിനുണ്ടാകുന്ന സാമ്പത്തിക ബാധ്യത സംബന്ധിച്ചോ കൃത്യമായി തിട്ടപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

[illegible]

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്